**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4307** **18-03-2025 - ൽ മറുപടിയ്ക്ക്**

**ചെറുകിട-കുടിൽ വ്യവസായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചെറുകിട - കുടിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ലൈസൻസ് ആവശ്യമുണ്ടോ; | (എ) | ഉണ്ട്, ഒരു സ്ഥാപനം പ്രവർത്തനം നടത്തുമ്പോൾ മലിനീകരണ നിയന്ത്രണ ബോർഡ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, എഫ്.എസ്.എസ്.എ.ഐ, ലീഗൽ മെട്രോളജി, ഫയർ ആന്റ് റെസ്ക്യൂ, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് എന്നീ വകുപ്പുകളിൽ ഓരോ സംരംഭത്തിനനുസരിച്ച് ബാധകമായ നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ച് മാത്രമേ ഒരു സംരംഭം തുടങ്ങാൻ പാടുള്ളൂ.<br><br>തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ലൈസൻസോ, കേരള എം.എസ്.എം.ഇ ഫെസിലിറ്റേഷൻ ആക്ട് പ്രകാരമുള്ള തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രമോ സംരംഭത്തിന് ആവശ്യമാണ്. സംരംഭത്തിന്റെ വ്യാപ്തിയും തരവും അനുസരിച്ച് മറ്റ് വകുപ്പുകളുടെ ലൈസൻസു കളനുസരിച്ചുള്ള മാനദണ്ഡങ്ങൾ കൂടി പാലിക്കേണ്ടതാണ്.<br><br>21.01.2020-ലെ സ.ഉ.(സാധാ)നം. 160/2020/ ത.സ്വ.ഭ.വ. അനുസരിച്ച് വ്യവസായ വകുപ്പിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും അംഗീകാരമുള്ള 5 HP യിൽ താഴെ ശേഷിയുള്ള ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്ന നാനോ ഹൗസ് ഹോൾഡ് സംരംഭങ്ങൾക്ക് പഞ്ചായത്ത്, മുനിസിപാലിറ്റി എന്നിവയുടെ അംഗീകാരമില്ലാതെ പ്രവർത്തിക്കാൻ കഴിയുന്നതാണ്. |
| (ബി) | ആവശ്യമാണെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ എന്താണെന്ന് വിശദമാക്കാമോ? | (ബി) | സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങളായ 2008-ലെ തണ്ണീർതട നെൽവയൽ സംരംക്ഷണ നിയമത്തിന്റെ കീഴിൽ വരാത്തതോ, CEZ കോസ്റ്റൽ ഏരിയ എന്നീ മേഖലകളിൽ വരാത്തതോ ആയ മാസ്റ്റർ പ്ലാൻ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാസ്റ്റർ പ്ലാനിൽ യോഗ്യമായ സ്ഥലങ്ങളിൽ മാത്രമെ |

| | | | |
|---|---|---|---|
| | | | വ്യവസായങ്ങൾക്ക് ആവശ്യമായ ഭൂമി (Land) കണ്ടെത്താൻ പാടുള്ളു. ഭൂമി (Land) കണ്ടെത്തിയ ശേഷം ബിൽഡിംഗ് വെക്കുന്നതിന് നിലവിലെ പഞ്ചായത്ത് രാജ് ആക്ട്, മുനിസിപ്പാലിറ്റി രാജ് ആക്ട്, പഞ്ചായത്ത് ബിൽഡിംഗ് റൂൾ, മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ എന്നിവ പ്രകാരമുള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കുകയും റോഡിന്റെ വീതി, ബിൽഡിംഗിന്റെ ഉയരം, തൊട്ട് അടുത്ത വീട്ടിലേക്കുള്ള ദൂരം, തൊട്ട് അടുത്ത ആളുടെ സ്ഥലത്തേക്കുള്ള ദൂരം എന്നിവ പാലിക്കുകയും, മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർ ആന്റ് റെസ്ക്യൂ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് എന്നീ മറ്റ് ഡിപ്പാർട്ട്മെന്റുകളുടെ മാനദണ്ഡങ്ങൾ ആണ് ബിൽഡിംഗിന് പാലിക്കേണ്ടത്. ആയതിന് ശേഷം ഒരു സ്ഥാപനം പ്രവർത്തനം നടത്തുമ്പോൾ മലിനീകരണ നിയന്ത്രണ ബോർഡ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, എഫ്.എസ്.എസ്.എ.ഐ, ലീഗൽ മെട്രോളജി, ഫയർ ആന്റ് റെസ്ക്യൂ, ഫോറസ്റ്റ് എന്നീ വകുപ്പുകളുടെ നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ച് മാത്രമേ ഒരു സംരംഭം തുടങ്ങാൻ പാടുള്ളൂ.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസോ, കേരള എം.എസ്.എം.ഇ ഫെസിലിറ്റേഷൻ ആക്ട് പ്രകാരമുള്ള തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രമോ ഈ സംരംഭത്തിന് ആവശ്യമാണ്. സംരംഭത്തിന്റെ വ്യാപ്തിയും തരവും അനുസരിച്ച് മറ്റ് വകുപ്പുകളുടെ ലൈസൻസുകൾക്ക് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ കൂടി പാലിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ